പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 129

26.09.2016-ൽ മറുപടിയ്ക്ക്.

## മദ്യപിച്ച് വാഹനമോടിച്ചതുമൂലമുണ്ടായ അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) മദ്യപിച്ച് വാഹനമോടിച്ചതു മൂലമുണ്ടായ അപകടങ്ങളുടെ കണക്ക് വേർതിരിച്ച് സൂക്ഷിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തെ കണക്ക് വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. കഴിഞ്ഞ ഒരു വർഷക്കാലം (2015) മദ്യപിച്ച് വാഹനമോടിച്ചതുമൂലം 163 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) വാഹനാപകടത്തെത്തുടർന്ന് രക്ഷാപ്രവർത്തനത്തിന് തുനിയാതെ ഓടിരക്ഷപ്പെട്ട ഡ്രൈവർമാരുടെ വിവരം ശേഖരിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തെ കണക്ക് വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്. കഴിഞ്ഞ ഒരു വർഷത്തിൽ (2015) വാഹനാപകടത്തെത്തുടർന്ന് രക്ഷാപ്രവർത്തനത്തിന് തുനിയാതെ 726 ഡ്രൈവർമാർ ഓടി രക്ഷപ്പെട്ടിട്ടുണ്ട്. |
| (സി) അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ശേഷം എത്രയും പെട്ടെന്ന് ഡ്രൈവറുടെ രക്തപരിശോധന നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഉണ്ടായ ലഘുവല്ലാത്ത വാഹനാപകടങ്ങളിൽ എത്രയെണ്ണത്തിൽ അത്തരം | (സി) ഉണ്ട്. അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ശേഷം എത്രയും പെട്ടെന്ന് ഡ്രൈവറുടെ രക്തപരിശോധന നടത്തണമെന്നുള്ളത് പോലീസ് നടപടിക്രമങ്ങളിൽ ഉൾപ്പെട്ടതാണ്. കഴിഞ്ഞ ഒരു വർഷത്തിനിടെ ഉണ്ടായ ലഘുവല്ലാത്ത വാഹനാപകടങ്ങളിൽ 115 ഡ്രൈവർമാരെ രക്തപരിശോധനയ്ക്ക് |

പരിശോധന നടത്തി എന്നതിന്റെയും നടത്താൻ കഴിഞ്ഞിട്ടില്ല എന്നതിന്റെയും കണക്ക് വെളിപ്പെടുത്തുമോ ?

വിധേയരാകുകയും 11,580 പേരുടെ രക്തപരിശോധന നടത്താൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ